# MALAYALA MANORAMA - 16-07-2025

## ആരോഗ്യകരമായ ലഘു ഭക്ഷണം; സിഫ്റ്റ്-ട്രൂബ്ലെൻഡ് ഫുഡ്സ് ധാരണ

കൊച്ചി● ആരോഗ്യകരമായ ലഘു ഭക്ഷണങ്ങൾ നിർമിക്കാൻ സാങ്കേതിക സഹായം നൽകാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി കൊച്ചിയിലെ ട്രൂബ്ലെൻഡ് ഫുഡ്സ് കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടു.

ട്രൂബ്ലെൻഡിന്റെ സീഡ് സൈക്ലിങ് ബാറുകൾ, നട്ട് ബട്ടർ ബൈറ്റ്സ് തുടങ്ങി ഉൽപന്നങ്ങളുടെ ഷെൽഫ് ലൈഫ്, പാക്കേജിങ്, പോഷക മൂല്യം, ഗുണനിലവാരം എന്നിവ വർധിപ്പിക്കാൻ സിഫ്റ്റ് സഹായിക്കും. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ, ട്രൂബ്ലെൻഡ് ഫുഡ്സ് ഡയറക്ടർ ലക്ഷ്മി ഇകാരത്ത് ചാരുദത്ത് എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു.